# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 04 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

# നാളികേരം ഉടയ്ക്കുന്നത് പതിനെട്ടാം പടിക്കു താഴെ മാത്രമാകണം

തീർഥാടകരുടെ ഒഴുക്ക് വർധിച്ചുവരുന്നതിനാൽ പതിനെട്ടാംപടിക്ക്താഴെ അനുവദനീയമായ സ്ഥലത്തുമാത്രമേ സന്നിധാനത്ത് നാളികേരം ഉടയ്ക്കാവൂവെന്ന് അഗ്നിശമനസേന . നാളികേരത്തിൽനിന്നുള്ള വെള്ളവും നെയ്യും വീണ് വഴുക്കലുണ്ടാകാൻ സാധ്യത ഉള്ളതിനാൽ അയ്യപ്പന്മാർ നിർദ്ദേശങ്ങൾ പാലിക്കണമെന്നും സേനാ സ്പെഷ്യൽ ഓഫീസർ പി. രഞ്ജിത്ത് അറിയിച്ചു.

വഴുക്കൽ ഉള്ള സ്ഥലങ്ങൾ കഴുകി വൃത്തിയാക്കുന്നുണ്ട്.എങ്കിലും തീർഥാടകരുടെ ഇക്കാര്യത്തിലുള്ള ജാഗ്രത അപകടങ്ങൾ ഒഴിവാക്കും .വിരിയിൽ കർപ്പൂരം കത്തിക്കുന്നതും ചന്ദനത്തിരി കത്തിച്ച് തിരക്കിലൂടെ നടക്കുന്നതും ഒഴിവാക്കണമെന്നും അഗ്നിശമനസേനാ അഭ്യർഥിച്ചു . ആഴിയിലേക്ക് നാളികേരം എറിയുമ്പോൾ ഒരുവശത്ത് മാത്രം എറിയരുത്. മറ്റുവശങ്ങളിലും കൂടി നാളികേരം എറിഞ്ഞാൽ കാറ്റിൽ തീ പടരാതിരിക്കാൻ സഹായിക്കുമെന്നും സേനാ സ്പെഷ്യൽ ഓഫീസർ പറഞ്ഞു .

തുടരും...



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 04 | 2017 |
| --- | --- |




## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


# ശബരിമലയിൽ തിരക്ക് കൂടുന്നു ,ക്യൂ കുറയുന്നു

മകരവിളക്കിന് നടതുറന്ന് ആറു ദിവസം പിന്നിടുമ്പോൾ വർധിച്ച തിരക്കിലും അയ്യപ്പന്മാർക്ക് വേഗത്തിൽ ദർശനം സാധ്യമാകുന്നു .നാല് മണിക്കൂർ അധിക ദർശന സമയം അനുവദിച്ചതുവഴിയാണ് തീർഥാടകർക്ക് ഈ സൗകര്യം ലഭ്യമായത് . മുഖ്യമന്ത്രി പിണറായി വിജയൻ ശബരിമല സന്ദർശനത്തിനിടെ നൽകിയ നിർദ്ദേശമനുസരിച്ചാണ് ദർശന സമയം കൂട്ടിയത്. മകര വിളക്ക് കാലത്ത് സാധാരണഗതിയിൽ അഞ്ചും ആറും മണിക്കൂർ ക്യൂ നിന്നാണ് തീർഥാടകർക്ക് ദർശനം സാധ്യമാകുന്നത് .മുഖ്യമന്ത്രിയുടെ നിർദ്ദേശം ഭക്തർക്ക് ഗുണകരമായെന്ന് ദേവസ്വം ബോർഡ് പ്രസിഡണ്ടും മേൽശാന്തിയും സാക്ഷ്യപ്പെടുത്തുന്നു .ദർശനവും മറ്റു ചടങ്ങുകളും കഴിഞ്ഞാലുടൻ മലയിറങ്ങണമെന്ന പൊലീസ് നിർദ്ദേശവും ദർശന വേഗം വർധിപ്പിച്ചിട്ടുണ്ട്.

മുൻ വർഷത്തെ അപേക്ഷിച്ച് സന്നിധാനത്ത് നെയ്യഭിഷേകം നടത്താൻ എത്തുന്ന ഭക്തരുടെ എണ്ണത്തിലും വൻ വർദ്ധനവാണ് ഉള്ളത് . പുലർച്ചെ മൂന്നിന് നടതുറക്കുന്നതിനും മണിക്കൂറുകൾക്കു മുൻപ് ക്യൂവിൽ സ്ഥാനം പിടിച്ചാണ് അയ്യപ്പന്മാർ നെയ്യഭിഷേകം നടത്തുന്നത്.രാവിലെ 11ന് ശേഷം അയ്യപ്പദർശനത്തിനെത്തുന്നവരിലധികവും സന്നിധാനത്ത് തങ്ങുന്നതും നെയ്യഭിഷേകത്തതിനായാണ്.ഇത്തവണ അഭിഷേകസമയവും ദീർഘിപ്പിച്ചിട്ടുണ്ട്.

ഭക്തരുടെ എണ്ണത്തിൽ ഇക്കുറി 10 ശതമാനം വർധനയുണ്ടായതായാണ് വിലയിരുത്തൽ .വെർചൽ ക്യു ഉപയോഗിക്കുന്നവരുടെ എണ്ണത്തിലും കഴിഞ്ഞ തവണത്തേക്കാൾ വർദ്ധന ഉണ്ടായതായി പോലീസിന്റെ കണക്കുകൾ വ്യക്തമാക്കുന്നു . 16 ലക്ഷത്തിലേറെപ്പേരാണ് വിർചൽ ക്യൂവിൽ രജിസ്റ്റർ ചെയ്തത്.

.

# 75 ലക്ഷം രൂപ കൂടി അനുവദിച്ചു

ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഡ്യൂട്ടിക്ക് എത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് മെസ്സ് സബ്സിഡിയായി 75 ലക്ഷം രൂപ കൂടി അനുവദിച്ചു .ഇന്ന് ചേർന്ന മന്ത്രിസഭാ യോഗമാണ് നേരത്തെ അനുവദിച്ച ഒരു കോടിക്ക്  പുറമേ 75 ലക്ഷം കൂടി അനുവദിച്ചത്

തുടരും...



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 04 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

# ശബരിമല :സേവന സംവിധാനങ്ങൾ  മെച്ചപ്പെടുത്തും

മകരവിളക്കു കാലത്ത്  തീർഥാടകർക്ക്  സുരക്ഷിതമായ ദർശനം സാധ്യമാക്കുന്നതിന് സേവന സംവിധാനങ്ങൾ  മെച്ചപ്പെടുത്താൻ വിവിധ വകുപ്പുകളുടെ ഉന്നത തല അവലോകനയോഗത്തിൽ തീരുമാനം .വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച്  ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും   യോഗം തീരുമാനിച്ചു .കുടിവെള്ള വിതരണം,അടിയന്തര വൈദ്യസഹായം,വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ തുടങ്ങിയ  അടിസ്ഥാന സൗകര്യങ്ങൾ  ഇതിനകം  വർധിപ്പിച്ചിട്ടുണ്ട് .

തീർഥാടകരുടെ സുരക്ഷക്ക് മുഖ്യ പ്രാധാന്യം നൽകി 'സേഫ് മകരജ്യോതി'എന്ന പദ്ധതിക്ക് രൂപം നൽകിയതായി പോലീസ് സ്പെഷ്യൽ ഓഫീസർ എസ് .സുരേന്ദ്രൻ  അറിയിച്ചു.സന്നിധാനത്തേക്കുള്ള വഴികൾ,നടപ്പന്തൽ,ഫ്ളൈഓവർ എന്നിവിടങ്ങളിൽ കൂടുതൽ കുടിവെള്ള വിതരണം സംവിധാനം ഏർപ്പെടുത്തും  .ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ആർ .രവിശങ്കർ ,ഫെസ്റ്റിവൽ കൺട്രോൾ ഓഫീസർ സോമശേഖരൻ നായർ  ,പോലീസ് സ്പെഷ്യൽ ഓഫീസർ എസ്  സുരേന്ദ്രൻ ,ദേവസ്വം പി.ആർ.ഒ  മുരളി കോട്ടക്കൽ തുടങ്ങിയവർ  പങ്കെടുത്തു.

തുടരും...

---



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 04 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

## ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ ;
## തിരുവാഭരണ ഘോഷയാത്ര 12 ന്

മകരവിളക്ക് ദിവസം അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്ന തിരുവാഭരണവും വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര 12 ന് ഉച്ചക്ക് ഒന്നിന് പന്തളം വലിയ കോയിക്കൽ ധർമ്മ ശാസ്താ ക്ഷേത്രത്തിൽ നിന്നും പുറപ്പെടും.ഘോഷയാത്രക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ എത്തിയതായി അധികൃതർ അറിയിച്ചു . ഈ മാസം പതിനാലിനാണ് മകരജ്യോതി ദർശനം.

പന്തളം വലിയ കോയിക്കൽ ശാസ്താ ക്ഷേത്രത്തിൽ ഇപ്പോൾ ദർശനത്തിന് വച്ചിരിക്കുന്ന തിരുവാഭരണങ്ങൾ 12 ന് ഉച്ചയോടെ പേടകങ്ങളിലേക്ക് മാറ്റും.പന്തളം രാജാവ് ക്ഷേത്രത്തിലെത്തി പ്രത്യേകം പൂജകൾ നടത്തിയതിന് ശേഷമാണ് തിരുവാഭരണങ്ങൾ മൂന്ന് പേടകങ്ങളിലേക്ക് മാറ്റുന്നത്. മേൽ ശാന്തി പൂജിച്ച് നൽകിയ ഉടവാളും ഭസ്മവും പന്തളം വലിയ തമ്പുരാൻ ഇത്തവണത്തെ രാജ പ്രതിനിധി പി ജി ശശികുമാർ വർമ്മക്ക് കൈമാറുന്നതോടെ തിരുവാഭരണ ഘോഷയാത്രയ്ക്ക് തുടക്കമാകും .

മകരസംക്രമ സന്ധ്യയിൽ അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്നതിനുവേണ്ടി പണികഴിപ്പിച്ചിട്ടുള്ള ആഭരണങ്ങളും ചമയങ്ങളുമായി പിതാവ് മകനെ കാണാൻ പോകുന്നുവെന്ന സങ്കൽപ്പത്തിലാണ് പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽനിന്നും തിരുവാഭരണ ഘോഷയാത്ര ആരംഭിക്കുന്നത്.

തലച്ചുമടായാണ് മൂന്ന് പേടകങ്ങളും സന്നിധാനത്ത് എത്തിക്കുന്നത്. പ്രധാന പേടകമായ തിരുവാഭരണ പെട്ടിയിൽ ശബരിമല അയ്യപ്പവിഗ്രഹത്തിൽ ചാർത്താൻ പാകത്തിലുള്ള ഇന്ദ്രനീലക്കല്ലുകൾ പതിച്ച തിരുമുഖമാണ് പ്രധാനം. കൂടാതെ നവരത്നമോതിരം, മണിമാല, ശരപ്പൊളിമാല, എരിക്കിൻപൂമാല, ചുരിക, വാൾ, സ്വർണത്തളിക, പ്രഭാമണ്ഡലം, ആന, പുലി, പൂർണ പുഷ്കലമാർ എന്നിവ പ്രധാന പെട്ടിയിലുണ്ടാകും. കലശപ്പെട്ടിയിൽ കളഭാഭിഷേകത്തിനുള്ള സ്വർണക്കുടം, വെള്ളികെട്ടിയ ശംഖ്, പൂജാപാത്രങ്ങൾ എന്നിവയാണുള്ളത്. മൂന്നാമത്തെ കൊടിപ്പെട്ടിയിൽ ശബരിമലയിൽ എഴുന്നെള്ളിപ്പിനുള്ള ജീവത, നെറ്റിപ്പട്ടം, തലപ്പാറ, ഉടുമ്പാറ മലകളുടെ കൊടികൾ എന്നിവയാണുണ്ടാവുക .

ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻ പിള്ളയുടെ നേതൃത്വത്തിലുള്ള 25അംഗ സംഘമാണ് തിരവാഭരണ പേടകങ്ങൾ ശിരസ്സിലേറ്റുന്നത്. ആദ്യ ദിവസം അയിരൂർ പുതിയകാവ് ക്ഷേത്രത്തിലും രണ്ടാം ദിവസം ളാഹ സത്രത്തിലും ഘോഷയാത്ര വിശ്രമിക്കും .കാൽ നടയായുള്ള തിരുവാഭരണ ഘോഷയാത്രയെ പന്തളം രാജപ്രതിനിധിയാണ് അനുഗമിക്കുന്നത് .

ശബരിമലയിലെത്തിക്കുന്ന തിരുവാഭരണങ്ങൾ ദേവസ്വം ബോർഡ് അധികൃതരും തന്ത്രിയും ചേർന്ന് സ്വീകരിക്കും. അയ്യപ്പ വിഗ്രഹത്തിൽ തിരുവാഭരണം ചാർത്തിയാണ് അന്ന് ദീപാരാധന നടക്കുക. തുടർന്ന് പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയും

തുടരും...



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 04 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 5

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### തിരക്ക് നിയന്തിക്കാൻ പാണ്ടിത്താവളം വരെ ബാരിക്കേഡ് നിർമ്മിക്കും

തീർത്ഥാടകത്തിരക്കു നിയന്ത്രിക്കാൻ സന്നിധാനത്ത് വടക്കേ നട മുതൽ പാണ്ടിത്താവളം വരെ പുതിയ ബാരിക്കേഡ് നിർമ്മിക്കും.മാളികപ്പുറം ക്ഷേത്രത്തിനു താഴെയുണ്ടാവുന്ന ക്രമാതീതമായ തിരക്ക് പരിഗണിച്ചാണ് സുരക്ഷിത ബാരിക്കേഡ് നിർമ്മിക്കുകയെന്ന് പോലീസ് സ്പെഷ്യൽ ഓഫീസർ എസ് സുരേന്ദ്രൻ അറിയിച്ചു.വടക്കേനടയിൽ പന്തലിനകത്തെ താൽക്കാലിക ബാരിക്കേഡ് പൊളിച്ച് മാറ്റിയാണ് ഇരുമ്പിലുള്ള ബാരിക്കേഡ് പണിയുക.മൂന്നു ദിവസത്തിനുള്ളിൽ ഇതിന്റെ പണി പൂർത്തിയാക്കുമെന്ന് മരാമത്ത് ചീഫ് എഞ്ചിനീയർ ഉറപ്പു നൽകിയിട്ടുണ്ടെന്നും സ്പെഷ്യൽ ഓഫീസർ പറഞ്ഞു .

മകരവിളക്കിനെത്തുന്ന അയ്യപ്പന്മാർക്കു സുഗമമായ ദർശനവും സുരക്ഷിതമായ മടക്കയാത്രയും ഉറപ്പുവരുത്താൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട് . കൂടുതൽ തിരക്കുള്ള സ്ഥലങ്ങൾ പ്രത്യേകം അവലോകനം ചെയ്ത് തിരക്ക് നിയന്ത്രിക്കും .നെയ്യഭിഷേകം കഴിഞ്ഞ ഭക്തർ വടക്കേ നടയിൽ തടിച്ച് കൂടുന്നതൊഴിവാക്കണമെന്നും പുതുതായെത്തുന്നവർക്ക് അവസരമുണ്ടാക്കാൻ ദർശനം കഴിഞ്ഞ തീർത്ഥാടകർ സന്നിധാനത്ത് നിന്ന് മടങ്ങണമെന്നും സ്പെഷ്യൽ ഓഫീസർ അഭ്യർത്ഥിച്ചു .

തുടരും...

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | |
|---|---|
| ജനുവരി 04 | 2017 |



## ശബരിമല പത്രക്കുറിപ്പ് 6

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

# സന്നിധാനം സംഗീതപമ്പയാക്കി വീരമണിരാജു

പ്രശസ്ത ഗായകൻ വീരമണി രാജുവിന്റെ സംഗീതാർച്ചനയിൽ സന്നിധാനത്ത് ഭക്തിപ്രഹർഷം .സ്വാമി അയ്യപ്പന് സംഗീതത്താൽ മാലകോർത്ത ഗായകൻ മനുഷ്യസാധ്യമായ ഉച്ചസ്ഥായിയിൽ ''പള്ളിക്കെട്ട് ശബരിമലയ്ക്ക് ''തുടങ്ങിയ ജനകീയ ഭക്തി ഗാനങ്ങൾ ആലപിച്ചപ്പോൾ അയ്യപ്പസഹസ്രങ്ങൾക്കും തികഞ്ഞ ആത്മഹർഷം .പിതാവ് വീരമണി പാടി ഭക്തമാനസങ്ങളിൽ മധുര സ്മരണയായി നിലനിൽക്കുന്ന അനശ്വര ഗാനങ്ങളാണ് അദ്ദേഹം ആലപിച്ചത്.ഭക്തിയിൽ ലയിച്ച് ശരണം വിളിച്ചും ഗാനചരണങ്ങൾ ആവർത്തിച്ചും അയ്യപ്പ സന്നിധാനം ഒരു മണിക്കൂറോളം ആസ്വാദകർ സംഗീതാരാധനയുടെ സവിശേഷ സ്ഥാനമാക്കി .

ശാസ്താ ഓഡിറ്റോറിയത്തിൽ അവതരിപ്പിച്ച ഭക്തിഗാനപരിപാടിയിൽ ഗായകരായ വീരമണി സോമു, ഗാനമൂർത്തി തുടങ്ങിയവരും പങ്കെടുത്തു. വീരമണി രാജുവിന്റെ പ്രശസ്തമായ 100 സംഗീത ആൽബങ്ങളിൽ 60ഉം ശാസ്താവിനെക്കുറിച്ചുള്ളവയാണ്. ഒട്ടേറെ പ്രാവശ്യം ശബരീശദർശനം നടത്തിയ ഈ അനുഗ്രഹീതഗായകൻ സന്നിധാനത്ത് അവതരിപ്പിച്ച പതിനാറാമത്തെ സംഗീതപരിപാടിയായിരുന്നു ഇത്.

